ഉത്തരം

(എ) പ്രസിദ്ധീകരിച്ചു.
(ബി) ഉടിക്കുന്നില്ല.
(സി) തൊഴിലാളി സംഘടനകളുടെ അഭിപ്രായം കൂടി കണക്കിലെടുത്തുകൊണ്ടുള്ള റിപ്പോർട്ടാണ് കമ്മീഷൻ സമർപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിലുള്ള കരടുനിയമമാണ് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്.

നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി

317. [395] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കെട്ടിടം-റോഡ്-പാലം അണക്കെട്ടുകൾ തുടങ്ങിയ രംഗത്തെ നിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനെപ്പറ്റിയുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് ലഭിച്ചത് ;
(സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു കഴിഞ്ഞുവോ ;
(ഡി) എങ്കിൽ ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനം എന്നു മുതൽ ആരംഭിക്കും?

ഉത്തരം

(എ) ഉണ്ട്.
(ബി) 8-7-1985.
(സി) കഴിഞ്ഞു.
(ഡി) കരടുനിയമം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

കെട്ടിട നിർമ്മാണ തൊഴിലാളികൾക്കനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ

318. [396] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1923-ലെ വർക്കുമെൻ കോംപൻസേഷൻ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെകെട്ടിട നിർമ്മാണ രംഗത്തെ തൊഴിലാളികൾക്ക് അനുവദിച്ചു വരുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ; പ്രസ്തുത നിയമപ്രകാരം ജോലിയിൽ അപകടം സംഭവിക്കുകയോ അംഗഭംഗം സംഭവിക്കുകയോ ചെയ്യുന്ന കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് കോമ്പൻസേഷൻ നല്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ .

ഉത്തരം

(എ ആൻഡ് ബി) 1923-ലെ വർക്കുമെൻ കോംപൻസേഷൻ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ചില പരിമിതികൾക്കു വിധേയമായി കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

കാഷ്വൽ സ്വഭാവത്തിലുള്ള തൊഴിലാളികൾക്കും തൊഴിലുടമയുടെ വ്യാപാരത്തിനോ വ്യവസായത്തിനോ അല്ലാതെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക്കും ഈ ആക്ട് അനുസരിച്ചുള്ള കോംപൻസേഷൻ ലഭ്യമല്ല. സ്വന്തമായി കെട്ടിടം വയ്ക്കുന്ന ഒരാൾ നേരിട്ടു പണി ചെയ്യിപ്പിക്കുന്ന തൊഴിലാളിക്കും ഈ ആനുകൂല്യം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly